**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4887** **01-11-2021 - ൽ മറുപടിയ്ക്ക്**

**പ്രീ പ്രൈമറി ജീവനക്കാരുടെ ഓണറേറിയത്തിലെ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ മേഖലയിൽ പ്രീ പ്രൈമറി ജീവനക്കാർക്ക് നൽകി വരുന്ന ഓണറേറിയം എത്രയാണെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | (എ) | സർക്കാർ സ്കൂളുകളോടനുബന്ധിച്ച് അദ്ധ്യാപക രക്ഷാകർത്തൃ സമിതികളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്കും ആയമാർക്കും താഴെപ്പറയുന്ന രീതിയിൽ പ്രതിമാസ ഓണറേറിയം അനുവദിച്ചുവരുന്നു:- a) 10 വർഷത്തിന് താഴെ സേവനമുള്ള അദ്ധ്യാപകർക്ക് 12,000/-രൂപയും ആയമാർക്ക് 7,000/-രൂപയും b) 10 വർഷത്തിന് മുകളിൽ സേവനകാലയളവുള്ള അദ്ധ്യാപകർക്ക് 12,500/-രൂപയും ആയമാർക്ക് 7,500/-രൂപയും. |
| (ബി) | പ്രസ്തുത ജീവനക്കാരിൽ ആർക്കെങ്കിലും ഓണറേറിയം ഇനത്തിൽ കുടിശിക നൽകാനുണ്ടോ എന്ന് വ്യക്തമാക്കാമോ;ഉണ്ടെങ്കിൽ എത്ര പേർക്ക് നല്കാനുണ്ടെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. നിലവിൽ 52 അപേക്ഷകളിൽ കുടിശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കുടിശ്ശിക നല്കാനുള്ളത് സംബന്ധിച്ച് എത്ര പേരുടെ അപേക്ഷകളാണ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് വഴി തീർപ്പു കൽപ്പിക്കാനായി പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഉള്ളതെന്ന് അറിയിക്കാമോ; | (സി) | ഉണ്ട്. നിലവിൽ 52 അപേക്ഷകളിൽ കുടിശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഓരോ അപേക്ഷയിന്മേലും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (ഡി) | കുടിശ്ശിക നൽകാനുള്ള ജീവനക്കാരുടെ അപേക്ഷകൾ പരിശോധിച്ച് ടി ജീവനക്കാരുടെ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ അംഗീകരിച്ചതാണോയെന്നും ടി ജീവനക്കാരുടെ സേവന കാലയളവിൽ പി.റ്റി.എ. മുഖേന ലഭിച്ചുകൊണ്ടിരുന്ന വേതനം കുറച്ച്, കുടിശ്ശിക സ്റ്റേറ്റ്മെന്റ് അതാത് ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസുകളിൽ നിന്ന് ലഭ്യമാക്കി അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ റിപ്പോർട്ട് ഉൾപ്പെടെ ശേഖരിച്ചാണ് അർഹരായവർക്ക് കുടിശ്ശിക നൽകുന്നത്. ഈ നടപടികൾ പൂർത്തീകരിച്ചശേഷം മാത്രം കുടിശ്ശിക നൽകാനാവൂ. |
| (ഇ) | കുടിശ്ശിക തുക എപ്പോൾ നൽകാൻ കഴിയുമെന്ന് | (ഇ) | കുടിശ്ശിക നൽകാനുള്ള ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | അപേക്ഷകൾ പരിശോധിച്ച് ടി ജീവനക്കാരുടെ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ അംഗീകരിച്ചതാണോയെന്നും ടി ജീവനക്കാരുടെ സേവന കാലയളവിൽ പി.റ്റി.എ. മുഖേന ലഭിച്ചുകൊണ്ടിരുന്ന വേതനം കുറച്ച്, കുടിശ്ശിക സ്റ്റേറ്റ്മെന്റ് അതാത് ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസുകളിൽ നിന്ന് ലഭ്യമാക്കി അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ റിപ്പോർട്ട് ഉൾപ്പെടെ ശേഖരിച്ചാണ് അർഹരായവർക്ക് കുടിശ്ശിക നൽകുന്നത്. ഈ നടപടികൾ പൂർത്തീകരിച്ചശേഷം മാത്രം കുടിശ്ശിക നൽകാനാവൂ. |

സെക്ഷൻ ഓഫീസർ